കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോയിപ്രം ഗ്രാമപ്പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

***ഭരണഭാഷ-മാതൃഭാഷ***

കെ.എസ്.എ.പിറ്റിഎ.പി13/931/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645

ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 02.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കോയിപ്രം ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കോയിപ്രം ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 4 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി13-931/2019 തീയതി 02.12.2019

**പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ടയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 29.08.2018 മുതൽ 15.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | വിജയലക്ഷ്മി പി.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16.10.2019 മുതൽ 31.10.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | ശ്രീ. എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.അരുൺ കുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. അനിൽ കുമാർ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.മോൻസി കിഴക്കേടത്ത് | 01.04.2018മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.കെ.കെ.സജീവ് കുമാർ | 01.04.2018മുതൽ 19.09.2018 വരെ |
| | ശ്രീ.ഫ്രാൻസിസ് ജേക്കബ് | 20.09.2018മുതൽ 09.10.2018 വരെ |
| | ശ്രീമതി എം.ജി.രാധാമണി | 10.10.2018മുതൽ 26.10.2018 വരെ |
| | ശ്രീ.സനൽകുമാർ പി.സി. | 27.10.2018മുതൽ 31.10.2018 വരെ |
| | ശ്രീ.രാജേഷ്കുമാർ പി. | 01.11.2018മുതൽ 12.11.2018 FN വരെ |
| | ശ്രീ.വി.ജി.ഗോപകുമാർ | 12.11.2018ANമുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.വി.ബിനോയ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ബീന എലിസബത്ത് ജോൺ | 01.04.2018മുതൽ31.07.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.സുരേഷ്കുമാർ പിള്ള | 01.08.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.ബിജു പിള്ള ജെ. | 01.04.2018മുതൽ 31.03.2019 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി ഡയാന എസ്.ജി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി മിനി ബി. | 01.04.2018മുതൽ 31.07.2018 വരെ |
| | ശ്രീ.നെബു പി.മാത്യു | 01.08.2018മുതൽ 31.12.2018 വരെ |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ചന്ദ്രലേഖ എൽ | 01.04.2018മുതൽ 27.07.2018 വരെ |
| | ശ്രീമതി അജിതാദേവി പി. | 28.07.2018മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ISM) | ശ്രീമതി മീര രവീന്ദ്രൻ | 01.04.2018മുതൽ 27.08.2018 വരെ |
| | ശ്രീ.പ്രിയേഷ് പി.യു | 28.08.2018മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ബിന്ദു എസ് | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി റീനാ തോമസ് | 01.04.2018മുതൽ 06.09.2018FN വരെ |
| | ശ്രീമതി ബിന്ദു എസ് കരുണാകരൻ | 06.09.2018ANമുതൽ 01.10.2018 വരെ |
| | ശ്രീ.കെ.ഹരിലാൽ | 02.10.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ശ്യാംകുമാർ കെ.കെ. | 01.04.2018മുതൽ 14.05.2018 വരെ |
| | ഡോ.ജിതേഷ് കെ. | 15.05.2018മുതൽ 31.07.2018 വരെ |
| | ഡോ.ചിന്നു വി.എസ്. | 01.08.2018മുതൽ 01.03.2019 വരെ |
| | ഡോ.ബിബിൻ സാജൻ | 02.03.2019മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി സബിത വി.എസ്. | 01.04.2018മുതൽ 13.05.2018 വരെ |
| | ശ്രീമതി സാവിത്രി | 14.05.2018മുതൽ 24.10.2018 വരെ |
| | ശ്രീമതി പ്രേമ എൽ | 25.10.2018മുതൽ 09.12.2018 വരെ |
| | ശ്രീമതി സുജ ജയപാൽ | 10.12.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-12 |
| 13 | ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് പേരിൽ കൂട്ടിയിട്ടില്ല | 1-13 |
| 14 | മുൻ വർഷം കരാർ നൽകിയ പ്രവൃത്തികൾ ഇതേവരെ ആരംഭിച്ചില്ല-തുടർ നടപടികൾ ഇല്ല | 1-14 |
| 15 | പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥലങ്ങളിൽ റോഡ് പ്രവൃത്തികൾ ചെയ്തു | 1-15 |
| 16 | പഞ്ചായത്ത് ലൈബ്രറി, അസി.എഞ്ചിനീയറുടെ ഓഫീസ് കെട്ടിടം-മെയിൻറനൻസ്-ഗുണനിലവാരം പാലിച്ചില്ല | 1-16 |
| 17 | തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും ശംഖു വളയൻപാറ കുടിവെള്ള പദ്ധതി ഇതേവരെ യാഥാർത്ഥ്യമായില്ല | 1-17 |
| 18 | വനിതാ ഗ്രൂപ്പുകൾ മുഖേന പാട്ടകൃഷിക്ക് ധനസഹായം മോണിറ്ററിംഗ് ഫലപ്രദമല്ല | 1-18 |
| 19 | പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ പൂർണമായില്ല | 1-19 |
| 20 | വീട് മെയിന്റനൻസ് (റ്റി എസ് പി)-ഗുണഭോക്താവ് പണി ആരംഭിച്ചില്ല | 1-20 |
| 21 | സംയുക്ത പ്രോജക്ടിന് ലഭിച്ച 40 ലക്ഷം രൂപ ചെലവഴിച്ചില്ല | 1-21 |
| 22 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാൽ കൂടിയ നിരക്കിൽ വൈദ്യുത ചാർജ് ഒടുക്കേണ്ടിവരുന്നു | 1-22 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കരം-ബാദ്ധ്യത കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ല. | 1-23 |
| 24 | വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഷീ-പാഡ് പദ്ധതിക്കായി വാങ്ങിയ ഇൻസിനേറ്റർ പ്രവർത്തിക്കുന്നില്ല | 1-24 |
| 25 | ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-25 |
| 26 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം നിലച്ചു | 1-26 |
| 27 | വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് മതിയായ തുക വകയിരുത്തിയില്ല | 1-27 |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | ഇല്ല | |
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ഇല്ല | |
| | **ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-2 |

| | | |
|---|---|---|
| 32 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 34 | വായ്പ-വായ്പാ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 38 | സർ ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 01.03.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 29.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20450955 |
| വരവ് | 76092252 |
| ആകെ | 96543207 |
| ചെലവ് | 71050649 |
| നീക്കിയിരിപ്പ് | 25492558 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15593385 | 15593385 | 14543701 | 1049684 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 9592000 | 9592000 | 6776523 | 2815477 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 255000 | 255000 | 166543 | 88457 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 8859000 | 8859000 | 6488873 | 2370127 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3653000 | 3653000 | 1779842 | 1873158 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9167193 | 9167193 | 4754450 | 4412743 |
| ദുരിതാശ്വാസനിധി | | 11016 | 10223 | 21239 | 17500 | 3739 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 7492553 | 7492553 | 7492553 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1812 | 334282 | 336094 | 333350 | 2744 |
| തനതു ഫണ്ട് | ട്രഷറി അക്കൗണ്ട് | 1279462 | 8985436 | 10264898 | 10170649 | 94249 |
| | കേരള ഗ്രാമീൺ ബാങ്ക് | 13532754 | 17933428 | 31466182 | 19926318 | 11539864 |
| ബി ഫണ്ട് | | 0 | 178800 | 178800 | 178800 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 273 | 167 | ഇല്ല | 106 | 61.17 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷത്തെ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഭരണച്ചെലവ് | 1812 | 334282 | 336094 | 333350 | 2744 | 99 |
| തൊഴിലാളികളുടെ കൂലി | | 7492553 | 7492553 | 7492553 | 0 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28800 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 2973600 | 172 |
| വിധവാപെൻഷൻ | 16116500 | 977 |
| വാർദ്ധക്യകാലപെൻഷൻ | 35068400 | 2120 |
| വികലാംഗപെൻഷൻ | 4897400 | 297 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 395200 | 27 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2019 3.00 PM-ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 85500 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകതകൾ ചുവടെ പറയുന്നവയാണ്.

1. തെരുവു വിളക്കുകളുടെ മീറ്റർ സ്ഥാപനം യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് മൂലം ഓരോ വർഷവും തനതുഫണ്ടിൽ നിന്നും ലക്ഷങ്ങളുടെ ദുർവ്യയം ഉണ്ടാകുന്നു.

2. പ്രവർത്തിക്കാത്ത കുടിവെള്ള പൊതുടാപ്പുകൾക്കും വെള്ളക്കരം ഒടുക്കുന്നതുമൂലം തനതുഫണ്ടിനത്തിൽ ലക്ഷങ്ങൾ പാഴാകുന്നു. അത്യാവശ്യമുള്ള പൊതുടാപ്പുകളുടെ വിവരം സംബന്ധിച്ച് ജനപ്രതിനിധികൾ മുഖേന സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റുള്ള കണക്ഷനുകൾ റദ്ദ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നില്ല.

3.പഞ്ചായത്തിന്റെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെയും സ്വന്തമായുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് തിരിച്ച് പേരിൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നതിനും നടപടികളില്ല.

4.കാർഷിക പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചില്ല.

5.ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥലങ്ങളിൽ ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി. പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് പ്രസ്തുത ആസ്തികൾ കൈമാറി വാങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.

മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.04.2019 | 01/2019 to 03/2019 | 14.05.2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.11.2012 | 2007-08 to 2011-12 | 28.02.2013 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വസ്തുനികുതി ഡിമാൻഡ്, ബാലൻസ് തുകകൾ (അഡ്വാൻസ് പിരിവ്, കുടിശിക ഉൾപ്പെടെ) രേഖപ്പെടുത്തിയ ബി-15, ഐ-1 ഷെഡ്യൂളുകളിലെ തുകകൾ സഞ്ചയ സേഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2.സ്ഥിര നിക്ഷേപമിനത്തിലുള്ള 7115885 രൂപയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും തൊഴിൽനികുതി പിരിവ് കൃത്യമായി നിരീക്ഷിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. തൊഴിൽനികുതി രജിസ്റ്റർ, സ്ഥാപന മേധാവികൾ ലഭ്യമാക്കിയിട്ടുള്ള അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*എ) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല*

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നതായി ബോദ്ധ്യപ്പെട്ടു.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ബ്രദറൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, കുമ്പനാട് | 2018-19 – 1 |
| കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ- ശബരി, പുല്ലാട് | 2018-19 – 1 |
| സപ്ലൈക്കോ സൂപ്പർ മാർക്കറ്റ്, ആറാട്ടുപുഴ | 2018-19 1&2 |
| പോസ്റ്റ് ഓഫീസ്, കുന്നന്താനം | 2018-19 1&2 |
| പോസ്റ്റ് ഓഫീസ്, പുല്ലാട് | 2018-19 1&2 |
| എം.റ്റി.എൽ.പി.എസ്. കുറുങ്ങഴഭാഗം | 2018-19 – 2 |
| ബൈബിൾ കോളജ്, ഐ.പി.സി., കുമ്പനാട് | 2018-19 – 1 |
| ബാങ്ക ഓഫ് ഇൻഡ്യ, കുമ്പനാട് | 2018-19 – 2 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ,മുട്ടുമൺ | 2018-19 1&2 |
| ഫെഡറൽ ബാങ്ക്, പൂവത്തൂർ | 2018-19 – 1 |
| സൌത്ത് ഇൻഡ്യൻ ബാങ്ക്, കുമ്പനാട് | 2018-19 – 2 |
| ഐ.സി.ഐ.സി.ഐ. ബാങ്ക്, കുമ്പനാട്പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 2018-19 – 1 |
| പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.195 | 2018-19 1&2 |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, കുമ്പനാട് | 2018-19 – 2 |

*__ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.__*

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം/ഉടമ | അർദ്ധ വർഷം |
|---|---|
| പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 2018-19 1&2 |
| പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് വളംഡിപ്പോ | 2018-19 1&2 |
| പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ഫാർമസി | 2018-19 1&2 |
| ഇൻസ്റ്റാ ലാബ്/രാജലക്ഷ്മി എം.പി | 2018-19 – 2 |
| പൌൾട്രി ഫാം / മന്ന മാത്യു | 2018-19 1&2 |
| ക്ലിനിക്ക്/ഡോ.കെ.സി.കോശി | 2018-19 1&2 |
| കിഴക്കേടത്ത് മാർജിൻ ഫ്രീ/ജോസ് കെ തോമസ് | 2018-19 – 2 |
| | |

| | |
|---|---|
| ഗ്രേസ് മൗണ്ട് റസിഡൻഷ്യൽ സ്കൂൾ കുമ്പനാട് | 2018-19 1&2 |
| മേമന ഫിനാൻസിയേഴ്സ് | 2018-19 1&2 |
| മേമന ബിൽഡേഴ്സ് | 2018-19 1&2 |
| മേമന ബ്രിക്സ് | 2018-19 1&2 |
| പി ആർ ഡി ഫിനാൻസിയേഴ്സ്, കുറവൻകുഴി | 2018-19 1&2 |
| പി ആർ ഡി ഫിനാൻസിയേഴ്സ്, പുല്ലാട് | 2018-19 1&2 |
| പി ആർ ഡി ഫിനാൻസിയേഴ്സ്, പൂവത്തൂർ | 2018-19 1&2 |
| പി ആർ ഡി ഫിനാൻസിയേഴ്സ്, കുമ്പനാട് | 2018-19 1&2 |
| പോപ്പുലർ മോട്ടോർ വേൾഡ്/സാം കെ.ജോർജ്ജ് | 2018-19 1&2 |
| മാടോലിൽ ആയൂർവ്വേദ ഹോസ്പിറ്റൽ | 2018-19 1&2 |
| ബ്രദറൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, കുമ്പനാട് | 2018-19 - 2 |
| ബാങ്ക ഓഫ് ഇൻഡ്യ, കുമ്പനാട് | 2018-19 1&2 |
| എസ്.ബി.ഐ., നെല്ലിമല | 2018-19 1&2 |
| എസ്.ബി.ഐ., പുല്ലാട് | 2018-19 - 1 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ,മുട്ടുമൺ | 2018-19 1&2 |
| ഫെഡറൽ ബാങ്ക്, കുമ്പനാട് | 2018-19 - 1 |
| ഫെഡറൽ ബാങ്ക്, പൂവത്തൂർ | 2018-19 -1 |
| ഫെഡറൽ ബാങ്ക്, പുല്ലാട് | 2018-19 1&2 |
| ഐ.സി.ഐ.സി.ഐ. ബാങ്ക്, കുമ്പനാട് | 2018-19 1&2 |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, കുമ്പനാട് | 2018-19 - 2 |

*<u>സി) വരുമാനത്തിന് ആനുപാതികമായി നികുതി ഈടാക്കിയില്ല</u>*

സ്ഥാപന മേധാവിമാർ സമർപ്പിച്ചിട്ടുള്ള വരുമാന പത്രിക പരിശോധിച്ചതിൽ, ചുവടെ പറയുന്ന ജീവനക്കാരുടെ വരുമാനത്തിന് ആനുപാതികമായ നികുതി ഈടാക്കിയിട്ടില്ല.

| ജീവനക്കാരുടെ പേര്, സ്ഥാപനം | അർദ്ധ വർഷ വരുമാനം (റിട്ടേൺ പ്രകാരം) | ഒടുക്കേണ്ട നികുതി | ഒടുക്കിയ നികുതി | കുറവ് |
|---|---|---|---|---|
| രശ്മി പി.ആർ, അറ്റൻഡർ ഗ്രേഡ് ii, ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറി | 133120 | 1250 | 1000 | 250 |
| ലക്ഷ്മി എസ്.പിള്ള, NMHS, കുമ്പനാട് | 128200 | 1250 | 1000 | 250 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന് ലഭിക്കാനുള്ള തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രാദേശിക സർക്കാരുകൾക്ക് സ്വയംഭരണത്തിനാവശ്യമായ തനത് വരുമാനം സ്വരൂപിക്കുന്നതിനായാണ് ഭരണ ഘടനയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഓരോ അർദ്ധ വർഷവും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും വേതനത്തെ അടിസ്ഥാനമാക്കിയുള്ള സ്ലാബിന് അനുസൃതമായി തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. സെപ്റ്റംബർ, ഫെബ്രുവരി മാസങ്ങളിൽ സർക്കാർ ജീവനക്കാരുടെ ശമ്പള ബില്ലിനോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ച

രസീതി പകർപ്പ് ഉള്ളടക്കം ചെയ്യണമെന്ന് ജി.ഒ.(പി) നമ്പർ 271/2007 തീയതി 25.06.2007 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ചട്ടത്തിലെയും സർക്കാർ ഉത്തരവിലെയും നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തൊഴിൽ നികുതി പിരിവ് നടത്തിയിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തൊഴിൽനികുതി പിരിവിന്റെ പുരോഗതി അവലോകനം ചെയ്യേണ്ടതും, പിരിച്ചെടുക്കാവനശേഷിക്കുന്ന തൊഴിൽ നികുതി, കുടിശ്ശിക സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് പേരിൽക്കൂട്ടിയിട്ടില്ല. ആസ്തിരജിസ്റ്റർ പഞ്ചായത്ത് ഭരണ സമിതിയുടെ മിനിട്ട്സ് മുൻ വർഷങ്ങളിലെ ചെലവു സ്റ്റേറ്റ്മെന്റുകൾ എന്നിവ പ്രകാരം ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമനംപർ</th><th>വസ്തുവിന്റെ വിവരണം</th><th>ഭൂവിസ്തൃതി (ആസ്തി രജിസ്റ്റർ പ്രകാരം)</th><th>സർവ്വെ നമ്പർ (ആസ്തി രജിസ്റ്റർ പ്രകാരം)</th></tr>
<tr><td>1</td><td>മാർക്കറ്റ് ഭൂമി, പുല്ലാട്</td><td>16 Are</td><td>261</td></tr>
<tr><td>2</td><td>കുമ്പനാട് മാർക്കറ്റ് (വാർഡ് 16)</td><td>2 Are 80 Sq. meter</td><td>96</td></tr>
<tr><td>3</td><td>കിഴക്കേവെള്ളൂക്കര ലക്ഷംവീട് കോളനിയിലെ ശ്മശാനം (വാർഡ് 1)</td><td>75 Are</td><td>125</td></tr>
<tr><td>4</td><td>വെറ്റിനറി ഹോസ്പിറ്റൽ</td><td>24 Are 79 sq.meter</td><td>രേഖപ്പെടുത്തിയിട്ടില്ല</td></tr>
<tr><td>5</td><td>കിഴക്കേവെള്ളൂക്കര ലക്ഷംവീട് കോളനി സാംസ്കാരിക നിലയം(വാർഡ് 1)</td><td>1 Are 20 sq.meter</td><td>128</td></tr>
<tr><td>6</td><td>ജി.എൽ.പി.എസ് കളിസ്ഥലം<br>(ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല)</td><td>30 sq.meter</td><td>367</td></tr>
<tr><td>7</td><td>കളിസ്ഥലം (ഏത് വാർഡിൽ എന്ന് രേഖപ്പെടുത്തിയിട്ടില്ല)</td><td>8 Are 60 sq.meter</td><td>രേഖപ്പെടുത്തിയിട്ടില്ല</td></tr>
<tr><td>8</td><td>പബ്ലിക് ലൈബ്രറി കോമ്പൗണ്ട്</td><td>19 Are 81 sq. meter</td><td>423</td></tr>
<tr><td>9</td><td>അംഗൻവാടി ഗ്രൗണ്ട്<br>(ഏത് അംഗൻവാടി എന്ന് രേഖപ്പെടുത്തിയിട്ടില്ല)</td><td>2 Are 48.8 sq.meter</td><td>രേഖപ്പെടുത്തിയിട്ടില്ല</td></tr>
<tr><td>10</td><td>ജി.എൽ.പി.എസ്, പുല്ലാട്, കളിസ്ഥലം</td><td>12 Are</td><td>254</td></tr>
<tr><td>11</td><td>പഞ്ചായത്ത് സ്റ്റേഡിയം, പുല്ലാട്</td><td>60 Are</td><td>236</td></tr>
<tr><td>12</td><td>യു.പി.ബി.എസ്. സ്കൂൾ കോമ്പൗണ്ട്</td><td>5 Are</td><td>254</td></tr>
<tr><td>13</td><td>പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്</td><td>10 Are</td><td>375/ 1-1</td></tr>
<tr><td>14</td><td>പട്ടികജാതി ഫ്ലാറ്റിന് വാങ്ങിയ സ്ഥലം</td><td colspan="2" rowspan="6">ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.</td></tr>
<tr><td>15</td><td>ആല്യംതറ ലക്ഷംവീട് കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ (3-ാം വാർഡ്)</td></tr>
<tr><td>16</td><td>ആല്യംതറ ലക്ഷംവീട് കോളനിയിലെ വിജ്ഞാനവാടി കെട്ടിടം</td></tr>
<tr><td>17</td><td>117-ാം നംപർ അംഗൻവാടിക്കെട്ടിടം</td></tr>
<tr><td>18</td><td>105 നംപർ അംഗൻവാടിക്കെട്ടിടം</td></tr>
<tr><td>19</td><td>പുല്ലാട് മത്സ്യമാർക്കറ്റ് കെട്ടിടം<br>(കെട്ടിടം 2019-20 ൽ പൂർത്തീകരിച്ചു)</td></tr>
<tr><td>20</td><td>പുല്ലാട് മാർക്കറ്റ് സ്റ്റാൾ (ഭാഗം 1)</td><td>1 Are 68 sq.m</td><td>രേഖപ്പെടുത്തിയിട്ടില്ല</td></tr>
<tr><td>21</td><td>പുല്ലാട് മാർക്കറ്റ് ഷെഡ്</td><td>17 sq.m</td><td>258</td></tr>
</table>

| | | | |
|---|---|---|---|
| 22 | പുല്ലാട് മാർക്കറ്റ് സ്റ്റാൾ(ഭാഗം 2) | 53 sq.m | 258 |
| 23 | പുല്ലാട് മാർക്കറ്റ് മീറ്റ് സ്റ്റാൾ | 11 sq.m | 258 |
| 24 | പുല്ലാട് മാർക്കറ്റ് സ്റ്റാൾ (ഭാഗം 3) | 33 sq.m | |
| 25 | ഫിഷ് യാർഡ് | 74 sq.m | |
| 26 | പുല്ലാട് മാർക്കറ്റ് സ്റ്റാൾ (ഭാഗം 4) | 76 sq.m | |
| 27 | കുമ്പനാട് മാർക്കറ്റ് സ്റ്റാൾ (ഭാഗം 1) | 12 Are 14 sq.m | രേഖപ്പെടുത്തിയിട്ടില്ല |
| 28 | കുമ്പനാട് മാർക്കറ്റ് സ്റ്റാൾ (ഭാഗം 2) | 14 Are | |
| 29 | പമ്പ് ഹൗസ് | 12 Are 14 sq.m | |
| 30 | അംഗൻവാടി മഹിളാസമാജം കെട്ടിടം | 107.56 sq.m | 128 |
| 31 | പഞ്ചായത്ത് ഓഫീസ് ലൈബ്രറി കെട്ടിടം | 4 Are | 375 / 1 |
| 32 | തടത്തിൽകോളനി അംഗൻവാടിക്കെട്ടിടം | 4 Are | രേഖപ്പെടുത്തിയിട്ടില്ല |
| 33 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 220.16 sq.m | |
| 34 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 168.36 sq.m | |
| 35 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 409.2 sq.m | |
| 36 | ഓഡിറ്റോറിയം | 343.8 sq.m | |
| 37 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 123.5 sq.m | |
| 38 | ഫാമിലി വെൽഫെയർസെന്റർ (മഹിളാസമാജം) | 27 sq.m | |
| 39 | വെയിറ്റിംഗ് ഷെഡ് (വാർഡ് 10) | 12 sq.m | |
| 40 | പി.എച്ച്.സി (ഭാഗം 1) | 88 sq.m | |
| 41 | പി.എച്ച്.സി (ഭാഗം 2) | 56 sq.m | |
| 42 | ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടം | 52 sq.m | |
| 43 | Guidening center | 21 sq.m | |
| 44 | സാംസ്കാരിക നിലയം | 80 sq.m | |
| 45 | കടപ്ര പബ്ലിക് ലൈബ്രറി | 53 sq.m | |
| 46 | അംഗൻവാടിക്കെട്ടിടം (വാർഡ് 5) | 21.59 sq.m | |
| 47 | പുല്ലാട് യു.പി.എസ് കഞ്ഞിപ്പുര | 8 sq.m | |
| 48 | ജി.യു.പി.എസ്, പുല്ലാട് (എൽ.പി. വിഭാഗം) | 80 sq.m | |
| 49 | ഫാമിലി വെൽഫെയർസെന്റർ വാർഡ് 8 | 10 Are | |
| 50 | ജി.എൽ.പി.എസ്, വാർഡ് 8 | 20 Are | |
| 51 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 166.5 sq.m | |
| 52 | ഓഡിറ്റോറിയം (ഏത് വാർഡ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 166.5 sq.m | |
| 53 | പമ്പ് റൂം (പുല്ലാട്- വെണ്ണിക്കുളം റോഡ്) | 6.25 sq.m | |
| 54 | നഴ്സറി കെട്ടിടം (ഏത് വാർഡ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 23.5 sq.m | |
| 55 | ജി.എൽ.പി.എസ് കെട്ടിടം (വാർഡ് 13) | 3 Are 84 sq.m | |
| 56 | ഓപ്പൺ ഹാൾ (ഏത് വാർഡ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 1 Are 49 sq.m | |

| | | | |
|---|---|---|---|
| 57 | ഗവ.മോഡൽ.യു.പി.എസ് (പുതിയ കെട്ടിടം -ഏത് വാർഡ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 55.61 sq.m | |
| 58 | സ്കൂൾ കെട്ടിടം (ഏത് സ്കൂൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല)(പുല്ലാട്-വെണ്ണിക്കുളം റോഡ്) | ~~850 sq.m +~~<br>204.93 sq.m +<br>73 sq.m | |
| 59 | ഗവ.ന്യൂ.എൽ.പി.എസ്, പുല്ലാട് | 226 sq.m | |
| 60 | ഗവ.ഹോമിയോ ഡിസ്പെൻസറി കെട്ടിടം | 3 Are | |

പ്രസ്തുത വസ്തുക്കൾ റവന്യൂ അധികാരികൾ മുഖേന അളന്ന് തിരിച്ച് ഗ്രാമപ്പഞ്ചായത്തിന്റെ പേരിൽ ആക്കി കരം ഒടുക്കിയിട്ടില്ല. പട്ടികജാതി ഫ്ലാറ്റിന് വാങ്ങിയ സ്ഥലം, ആലുംതറ ലക്ഷംവീട് കോളനിയിലെ കമ്മ്യൂണിറ്റി ഹാളും (3-ാം വാർഡ്) വിജ്ഞാനവാടിയും, 117, 105 നമ്പർ അംഗൻവാടിക്കെട്ടിടങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്. എസ് സി വിഭാഗത്തിന് ശ്മശാനത്തിനായി വാങ്ങിയ ഭൂമിയുടെ ആധാരം മാത്രമാണ് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളത്. വസ്തുക്കളുടെയൊന്നുംതന്നെ ആധാരം പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല.ഈ വിഷയം സംബന്ധിച്ച് 24.10.19 ൽ 13 -ാം നംപരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഗ്രാമപ്പഞ്ചായത്ത് ഓഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലം പോലും അളന്ന് തിരിച്ച് അതിർത്തി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്തിന്റെ സ്വന്തം വസ്തുക്കളിൽ കൈയ്യേറ്റം ഉണ്ടോയെന്ന് പരിശോധിക്കാൻ യാതൊരു നടപടിയും ഇതേവരെ സ്വീകരിക്കപ്പെട്ടിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ യഥാർത്ഥ സ്ഥാനവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായം സെക്രട്ടറിമാർക്ക് തേടാവുന്നതാണെന്നും എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ആസ്തി രജിസ്റ്റർ കൃത്യമാക്കണമെന്നും പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ സി2-15471/18 നമ്പർ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/ വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും എൽ എസ് ജി ഡി അസി.എഞ്ചിനീയർ കൺവീനറുമായി ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി 2 മാസത്തിൽ 1 പ്രാവശ്യം യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു സമിതി ഇതേവരെ രൂപീകരിക്കുകയോ മേൽ സൂചിപ്പിച്ച പ്രകാരം തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്.

ആയതിനാൽ മേൽ സൂചിപ്പിച്ച വസ്തുവകകളുടെ യഥാർത്ഥ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കി പഞ്ചായത്തിന്റേതായ ആസ്തികളെല്ലാം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിന്റെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെയും സ്വന്തമായുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് തിരിച്ച് പേരിൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മുൻവർഷം കരാർ നൽകിയ പ്രവൃത്തികൾ ഇതേവരെ ആരംഭിച്ചില്ല - തുടർനടപടികളില്ല

മുൻവർഷങ്ങളിൽ കരാർ നൽകിയ 18 പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന് 16.10.19 ൽ 1-ാം നമ്പർ ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാർ നൽകിയ വർഷം | കരാറുകാരന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | ആറങ്ങാട്ടുപടി - കല്ലുമാലിപ്പടി റോഡ് റീടാറിംഗ് - വാർഡ് 17<br>400000 | 2016-17 | ശ്രീ.ജോസഫ് തോമസ് | കരാറുകാരന്റെ അനാസ്ഥ ആണ് പ്രവൃത്തി തുടങ്ങാതിരിക്കാൻ കാരണമെന്ന് അസി. |
| 2 | ചൊട്ടിപ്പാറ മുകളുപറമ്പിൽ | -ടി- | -ടി- | |

| | | | | |
|---|---|---|---|---|
| | മുട്ടറ റോഡ് റീടാറിംഗ്<br>വാർഡ് 8, 300000 | | | എഞ്ചിനീയർ മറുപടി നൽകി. |
| 3 | കൊടിഞ്ഞൂർക്കടവ് റോഡ് റീടാറിംഗ്, വാർഡ് 9<br>225000 | 2017-18 | ശ്രീ. സി.ആർ. വിജയൻ | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല. |
| 4 | ഗുരുമന്ദിരംപടി പറയകുന്നിൽപ്പടി റോഡ് റീടാറിംഗ് (വാർഡ് 9)<br>243000 | -ടി- | -ടി- | |
| 5 | പാറക്കൽപ്പടി ഉരിയപ്പടിക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 2<br>99749 | -ടി- | ശ്രീ. ജേക്കബ് കുര്യൻ | |
| 6 | കുറുങ്ങഴപ്പടി മുട്ടുമൺ റോഡ് മെയിന്റനൻസ്, വാർഡ് 2<br>372248 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 7 | ചിത്തിരമന്ദിരം കണ്ണംപ്ലാവിൽപ്പടി റോഡ് റീടാറിംഗ് , വാർഡ് 8<br>113687 | -ടി- | -ടി- | |
| 8 | തെള്ളിക്കുഴിച്ചിറ റോഡ് സംരക്ഷണഭിത്തി നിർമ്മാണം<br>വാർഡ് 10 327000 | -ടി- | ശ്രീ.ജോൺ | |
| 9 | പഴയ പോസ്റ്റോഫീസ്-പറയകുന്നിൽ റോഡ് റീടാറിംഗ് (വാർഡ് 11)<br>228000 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 10 | ആലുംതറ ഓടയ്ക്ക് സ്ലാബ് നിർമ്മാണം ( വാർഡ് 3)<br>143000 | -ടി- | ശ്രീ.ജോസഫ് തോമസ് | |
| 11 | കുമ്പനാട് - റ്റി.കെ റോഡ് ഗ്രേസ് മൗണ്ട് സ്കൂൾ റോഡ് റീ-ടാറിംഗ് (വാർഡ് 1)<br>490000 | 2018-19 | ശ്രീ.ബൈജു | |
| 12 | ചാല്യവാതുക്കൽ - ചമതക്കൽപ്പടി റോഡ് റീടാറിംഗ് (വാർഡ് 3)<br>340000 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 13 | പാറയിൽപ്പടി കല്ലുവെട്ടാംകുഴി റോഡ് റീടാറിംഗ് (വാർഡ് 5)<br>150000 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 14 | കല്ലുങ്കൽ - മുട്ടള കോളനി റോഡ് മെയിന്റനൻസ് (വാർഡ് 8)<br>558846 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 15 | പ്ലാന്തോട്ടത്തിൽപ്പടി - കുറുപ്പംപറമ്പിൽ റോഡ് റീടാറിംഗ് & സൈഡ് കെട്ട്, വാർഡ് 16 629226 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |
| 16 | 121 -ാം നംപർ അംഗൻവാടി | -ടി- | ശ്രീ.ജോസഫ് | |

| | | | | |
|---|---|---|---|---|
| | മെയിന്റനൻസ്, വാർഡ് 17<br>300000 | | തോമസ് | |
| 17 | കാഞ്ഞിരപ്പാറ തടത്തിൽ കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 17) 300000 | -ടി- | ശ്രീ.സിബികുമാർ | |
| 18 | വെറ്ററിനറി ഹോസ്പിറ്റൽ നവീകരണം<br>499260 | -ടി- | ശ്രീ. ബിജു തോമസ് ജോൺ | |

കേരളപൊതുമരാമത്ത് വകുപ്പ് മാനവൽ (ജി.ഓ.പി 13/2012/1-2-12) പാർട്ട് 2 സെക്ഷൻ 2116.1, 2116.2 എന്നിവ പ്രകാരം ടി കരാറുകൾ റദ്ദാക്കേണ്ടതാണ്. ടി കരാറുകാരുടെ കോൺട്രാക്ട് ലൈസൻസ് കുറഞ്ഞത് 5 വർഷത്തേക്ക് റദ്ദ് ചെയ്യേണ്ടതും നടപ്പുവർഷത്തെ പ്രവൃത്തികളുടെ ടെണ്ടറുകളിൽ നിന്ന് അവരെ ഒഴിവാക്കേണ്ടതുമാണ് (സെക്ഷൻ 2116.2). കൂടാതെ കരാറുടമ്പടി ലംഘിച്ച കരാറുകാരിൽ നിന്നും പ്രവൃത്തി അടങ്കലിന്റെ 30 % തുക Risk & Cost Amount ആയി തിരികെ ഈടാക്കുകയും ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതുമാണ് (സെക്ഷൻ 2116.2.1). എന്നാൽ ഈ നടപടികൾ ഒന്നുംതന്നെ നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. കരാർ റദ്ദ് ചെയ്ത് പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനായി ഓഡിറ്റ് വർഷം ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്. ഈ വിഷയം സംബന്ധിച്ച് 30.10.19 ൽ 20 -ാം നംപരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. എന്നാൽ ഓഡിറ്റ് സമയത്ത് നടന്ന പഞ്ചായത്ത് കമ്മിറ്റിയുടെ മുമ്പാകെ ഈ വിഷയം തുടർനടപടികൾക്കായി അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വാക്കാൽ വിശദീകരണം ലഭിച്ചു.

മേൽസൂചിപ്പിച്ച കരാറുകൾ റദ്ദ് ചെയ്ത് പ്രവൃത്തികൾ റീടെണ്ടർ ചെയ്യേണ്ടതും കരാർ ലംഘനം നടത്തിയ കരാറുകാരുടെ നഷ്ടോത്തരവാദിത്തത്തിൽ അവ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്. കൂടാതെ ടി കരാറുകാരുടെ കോൺട്രാക്ട് ലൈസൻസ് കുറഞ്ഞത് 5 വർഷത്തേക്ക് റദ്ദ് ചെയ്യേണ്ടതുമാണ്.

# 1-15 പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥലങ്ങളിൽ റോഡ് പ്രവൃത്തികൾ ചെയ്തു

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥലങ്ങളിൽ ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി. പി.ഐ.പി കനാലിന്റെ പുറമ്പോക്കിലാണ് ഇപ്രകാരം പ്രവൃത്തികൾ ഏറ്റെടുത്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരൻ, സമർപ്പിച്ച നിരക്ക്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച ഉദ്യോഗസ്ഥൻ | ബിൽ തുക / പ്രവൃത്തിമൂല്യം | ബിൽ നംപർ, തീയതി | ചെയ്ത പ്രവൃത്തിയുടെ വിവരം | പദ്ധതിക്ക് അംഗീകാരം നൽകിയതും ആവിഷ്കരിച്ചതുമായ ഉദ്യോഗസ്ഥരുടെ വിവരം |
|---|---|---|---|---|---|
| കൊച്ചുകനാൽപ്പാലം സ്റ്റേഡിയം റോഡ് കോൺക്രീറ്റിംഗ്<br>SO87/19 200000 | ജോൺ തോമസ്, തണ്ണിക്കുളത്ത്<br>കീഴ്വായ്പൂർ<br>(എസ്റ്റിമേറ്റിനേക്കാൾ 21.4 % കുറവ്) (ശ്രീ. കെ.ഹരിലാൽ അസി. എഞ്ചിനീയർ 23.01.2019 ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ഏൽപ്പിച്ചു.) | 150000<br>(മെയിന്റനൻസ് ഗ്രാന്റ്) | 407587/ 18.3.19 | PIP കനാലിന്റെ ഒരു വശത്തുള്ള റോഡിന്റെ 53.8 m നീളത്തിൽ 3 m വീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്തു | ശ്രീമതി ശ്രീകല കെ.ജി (A.Ex.E)<br>ശ്രീമതി ബിന്ദു.എസ്.കരുണാകരൻ<br>(AE) |
| ഇരപ്പൻതോട് - | -ടി- | 156928 | 15918 / | PIP | ശ്രീമതി ബിന്ദു |

| | | | | | |
|---|---|---|---|---|---|
| കനാൽപ്പാലം റോഡ് കോൺക്രീറ്റിംഗ്<br>SO89/19<br>200000 | (എസ്റ്റിമേറ്റിനേക്കാൾ 21.4 % കുറവ്) (ശ്രീമതി.റീനാ തോമസ് അസി.എഞ്ചിനീയർ 12.07.2018 ൽ പ്രവൃത്തി ഏൽപ്പിച്ചു.) | (മെയിന്റനൻസ് ഫണ്ട്<br>100000<br>തനത് ഫണ്ട്<br>56928) | 19.11.18<br>(100000) | കനാലിന്റെ ഒരു വശത്തുള്ള റോഡിന്റെ 58.1 m നീളത്തിൽ 3 m വീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്തു | വേലായുധൻ<br>(A.Ex.E)<br>ശ്രീമതി റീനാ തോമസ്<br>(AE) |

മേൽ സൂചിപ്പിച്ച പ്രവൃത്തിസ്ഥലങ്ങൾ പി.ഐ.പി യുടെ അധീനതയിൽ ഉള്ളതാണ് എന്ന് സൈറ്റ് പ്ലാനുകളിൽ നിന്ന് വ്യക്തമാണ്. പ്രവൃത്തികൾ ചെയ്യുന്നതിന് മുമ്പായി പ്രസ്തുത ആസ്തികൾ പി.ഐ.പി (Pumpa Irrigation Project of Irrigation Department) -യിൽ നിന്നും ഗ്രാമപ്പഞ്ചായത്തിന് രേഖാമൂലം കൈമാറി നൽകിയിട്ടില്ല. ഇപ്രകാരം പ്രവൃത്തി ചെയ്യുന്നതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങിയിട്ടുമില്ല. എന്നാൽ പി.ഐ.പി കനാലിന്റെ വശത്ത് 500 മീറ്റർ നീളത്തിൽ റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കാണുന്നു. ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിലുള്ള റോഡ് ആ വകുപ്പിൽ നിന്നും രേഖാമൂലം കൈമാറി ലഭിക്കാതെ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് ഗുരുതരമായ അപാകതയാണ്.

ഗ്രാമപ്പഞ്ചായത്തിന്റേതല്ലാത്ത സ്ഥലങ്ങളിൽ ഇപ്രകാരം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തത് അംഗീകരിക്കാവുന്നതല്ല. ചെലവുതുക 306928 രൂപ (150000 + 156928) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ആസ്തികൾ പി.ഐ.പി -യിൽ നിന്നും കൈമാറി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ലൈബ്രറി, അസി.എഞ്ചിനീയറുടെ ഓഫീസ് കെട്ടിടം - മെയിന്റനൻസ് ഗുണനിലവാരം പാലിച്ചില്ല

പഞ്ചായത്ത് ലൈബ്രറിക്കെട്ടിടം മെയിന്റനൻസ് നടത്തുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 499500 രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ൽ ആവിഷ്കരിച്ച പദ്ധതി 2017-18, 2018-19 വർഷങ്ങളിൽ സ്പിൽ ഓവർ ആയി (SO183/18-19) പുതുക്കി അംഗീകാരം വാങ്ങിയിരുന്നു. ഓപ്പൺ ടെണ്ടർ മുഖേന എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. മാത്യു.കെ.ചാക്കോ, നിരവിൽ പുത്തൻവീട്, കുറങ്ങഴ (പി.ഓ) എന്ന കരാറുകാരനുമായി 21.3.17 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തി ഏൽപിച്ചു. ലൈബ്രറിയുടെ ബുക്ക് ഷെൽഫിന് Cupboard Cabins, മുറിയ്ക്ക് സീലിംഗ്, തറ ടൈൽ പാകൽ, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾ ചെയ്ത് 15.7.2017 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 377885 രൂപ ആണ്. നികുതികൾ, ഫൈൻ എന്നിവ കുറവ് ചെയ്ത് 352232 രൂപ കരാറുകാരന് നൽകി (ട്രഷറി ബിൽ നംപർ 16 / 18-19 തീയതി 22.5.2018)

പ്രവൃത്തിയുടെ 7-ാം ഇനമായി Prelaminated medium density fibre board exterior grade ( 25 mm thickness) ഉപയോഗിച്ച് Cupboard Cabins 48.33 ചതുരശ്ര മീറ്റർ അളവിൽ ( 2743.72 / sq.m നിരക്കിൽ ) ചെയ്തതിന് 132603 രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ Cupboard Cabins നിർമ്മിച്ചതിന് മൈക്ക ഒട്ടിച്ച പ്ലൈവുഡ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും ആയതിന്റെ നിർമ്മാണം ഗുണനിലവാരം പാലിച്ചിട്ടില്ല എന്നും കണ്ടു. ചിതൽശല്യം നിമിത്തം Cupboard ന്റെ പല ഭാഗവും ജീർണ്ണിച്ച് ഇളകിയ നിലയിലാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് 30.10.19 ൽ 17-ാം നംപരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം ക്രമീകരിക്കുന്നതിന് 3.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 2017-18ൽ (SO198/18) ആവിഷ്കരിച്ച പ്രവൃത്തിയും മേൽസൂചിപ്പിച്ച കരാറുകാരൻ (എസ്റ്റിമേറ്റ് നിരക്ക്) മുഖേനയാണ് ചെയ്തിരുന്നത്. 15.7.2017 ൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് (പ്രവൃത്തിമൂല്യം 292330 രൂപ) 2017-18 ൽത്തന്നെ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ Prelaminated medium density fibre board grade 1 ( 25 mm thickness) ഉപയോഗിച്ച് Cupboard Cabins 15.945 ചതുരശ്ര മീറ്റർ അളവിൽ ( 2743.72 / sq.m നിരക്കിൽ ) ചെയ്തതിന് 43748 രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ

ഭൗതിക പരിശോധനയിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായും Cupboard Cabins നിർമ്മിച്ചതിന് മൈക്ക ഒട്ടിച്ച പ്ലൈവുഡ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്നും ആയതിന്റെ നിർമ്മാണം ഗുണനിലവാരം പാലിച്ചിട്ടില്ല എന്നും കണ്ടു.

മേൽസൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലും ഗുണനിലവാരം പാലിച്ചിട്ടുണ്ടോയെന്ന് ഗ്രാമപ്പഞ്ചായത്തിലെ സാങ്കേതിക വിഭാഗം മുഖേന പരിശോധന നടത്തുന്നതിനും ആവശ്യമെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തികളിലെ അപാകത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം മെയിന്റനൻസിന് 2017-18 ൽ ആണ് ചെലവ് നടന്നിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് ലൈബ്രറിക്കെട്ടിടം മെയിന്റനൻസിന്റെ ഭാഗമായുള്ള 132603 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരിഹാരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും ശംഖുവളയൻപാറ കുടിവെള്ളപദ്ധതി ഇതേവരെ യാഥാർത്ഥ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 10-ാം വാർഡിൽ ശംഖുവളയൻപാറ കുടിവെള്ളപദ്ധതിക്കായി പ്രോജക്ട് ആവിഷ്കരിച്ച് (SO230/18) അംഗീകാരം വാങ്ങിയിരുന്നു. ഭൂജലവകുപ്പ്, പത്തനംതിട്ട ജില്ലാ ഓഫീസിൽ നിന്നും 584000 രൂപയുടെ വിശദമായ എസ്റ്റിമേറ്റ് 26.3.18 ൽ ഗ്രാമപ്പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. കുഴൽക്കിണറിന് 42600 രൂപ, പമ്പിംഗ് സിസ്റ്റത്തിന് 62050 രൂപ, വൈദ്യുതീകരണത്തിന് 29250 രൂപ, ജലവിതരണത്തിന് 447472 രൂപ , മറ്റിനമായി 2628 രൂപ എന്നിങ്ങനെയാണ് എസ്റ്റിമേറ്റിലെ ഘടകങ്ങൾ. ആയതനുസരിച്ച് ട്രഷറി ബിൽ നംപർ 3 / 22.5.18 പ്രകാരം 584000 രൂപ ഭൂജല വകുപ്പ്, പത്തനംതിട്ട ജില്ലാ ഓഫീസറുടെ പേരിൽ പത്തനംതിട്ട സബ്ട്രഷറിയിൽ നിലവിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഇതേവരെ പൂർത്തീകരിച്ചതായ രേഖകൾ ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

പ്രവൃത്തിയുടെ നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിന് യാതൊരു സംവിധാനവും ഗ്രാമപ്പഞ്ചായത്ത് ഇതേവരെ സ്വീകരിച്ചിട്ടില്ല എന്ന അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ചശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വനിതാഗ്രൂപ്പുകൾ മുഖേന പാട്ടക്കൃഷിക്ക് ധനസഹായം - മോണിട്ടറിംഗ് ഫലപ്രദമല്ല

ഓഡിറ്റ് വർഷം കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾക്ക് പാട്ടകൃഷിക്കായി സബ്സിഡി നിരക്കിൽ പച്ചക്കറി വിത്തും വിവിധ തൈകളും നൽകുന്നതിനുള്ള പ്രോജക്റ്റുകൾ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. കെയ്കോ, തിരുവല്ല- യിൽ നിന്നാണ് അവ വാങ്ങി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തത്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾക്കൊന്നുംതന്നെ ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായിരുന്നില്ല. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പദ്ധതിയുടെ പേര്, അടങ്കൽ | വാങ്ങിയ വിത്തിന്റെയും തൈകളുടെയും വിവരം | | | ആകെ ചെലവ് | ബിൽ നംപർ/ ചെക്ക് നംപർ, തീയതി |
|---|---|---|---|---|---|---|
| 1 | പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് കുറ്റിക്കുരുമുളക് തൈ വിതരണം SO300/19<br>ജില്ലാപ്പഞ്ചായത്ത് വിഹിതം 10 ലക്ഷം, വികസന ഫണ്ട് 2 ലക്ഷം | ഇനം | എണ്ണം | തുക | 1200000 | ബിൽ നംപർ CB(P)11/18-19/ 28.2.19<br>200000 |
| | | കുറ്റിക്കുരുമുളക് തൈ(Big bag) | 600 unit | 7.5 ലക്ഷം | | ചെക്ക് നംപർ 396428 / 22.3.19<br>800000 |
| | | കശുമാവിൻതൈ (hybrid) | 600 unit | 90000 | | ചെക്ക് നംപർ 396429 / 22.3.19<br>200000<br>(ഒരു ഗ്രൂപ്പിന് 20 യൂണിറ്റ് വീതം ആകെ 30 |
| | | പച്ചക്കറി വിത്ത് | 600 unit | 360000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വനിതാഗ്രൂപ്പുകൾക്ക് വിതരണം ചെയ്തു) |
| 2 | സമഗ്ര പച്ചക്കറിക്കൃഷി വികസനം (വനിതാഗ്രൂപ്പുകൾ)<br>SO28/19<br>210000 | പച്ചക്കറിത്തൈകൾ<br>(Tomato, Brinjal, Chilli, Amaranthus, Cauliflower, Cabbage) | 3333 എണ്ണം വീതം | 100000 | 210000 | ബിൽ നംപർ CB(P)1/18-19 തീയതി 28.7.18<br>(142 വനിതാ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറിവിത്തുകളും തൈകളും വിതരണം ചെയ്തു) |
| | | പച്ചക്കറി വിത്തുകൾ<br>( Tomato, Brinjal, Chilli, Amaranthus, Cauliflower, Cabbage, Cowpea, Pumkin) | 142 unit | 110000 | | |
| 3 | സമഗ്ര കിഴങ്ങുവർഗ്ഗക്കൃഷി വികസനം (വനിതാഗ്രൂപ്പുകൾ)<br>SO24/18-19<br>വികസനഫണ്ട് 2 ലക്ഷം,<br>ജില്ലാപ്പഞ്ചായത്ത് വിഹിതം 24 ലക്ഷം | കിഴങ്ങുവർഗ്ഗങ്ങളുടെ കിറ്റ് (ചേന 4Kg , ചേമ്പ് 4Kg, കാച്ചിൽ 4Kg, ഇഞ്ചി 4Kg, മഞ്ഞൾ 4Kg) | 2600 unit<br>(142 വനിതാ കുടുംബശ്രീ ഗ്രൂപ്പുകൾക്കായി വിതരണം ചെയ്തു) | | 2600000 | ബിൽ നംപർ CB(P)5/18-19/28.9.18 200000;<br>STSB ചെക്ക് നംപർ 3306480/ 6.12.18 400000;<br>STSB ചെക്ക് നംപർ 396421/ 11.12.18 600000;<br>STSB ചെക്ക് നംപർ 3306476/ 19.11.18 600000;<br>STSB ചെക്ക് നംപർ 3306478/ 22.11.18 800000 |
| 4 | സമഗ്രഫലവൃക്ഷക്കൃഷിവികസനം (വനിതാഗ്രൂപ്പുകൾ)<br>SO27/18-19<br>266666 (Afund 200000, Ben.Share 66666) | ഫലവൃക്ഷത്തൈകൾ<br>(Mangostine, phulsan, Rambutan, Jackfruit, mango bud, Nelli graft, Suppotta, Guava) | 142 Kit | | 266666 | ബിൽ നംപർ CB(P)4/18-19/ 31.7.19<br>200000;<br>(A fund)<br>Ben.Share 66666 |

സ.ഉ. (കൈ) നംപർ 22/18/തസ്വഭവ തീയതി 14.2.18 പ്രകാരം പച്ചക്കറി വിത്തുകളും തൈകളും 100 % സബ്സിഡി നിരക്കിൽ പാട്ടക്കൃഷി നടത്തുന്ന ഗ്രൂപ്പുകൾക്കും തരിശുഭൂമി കൃഷി ചെയ്യുന്നവർക്കും നൽകാവുന്നതാണ്. എന്നാൽ കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്ന് പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.വിത്തുകളും തൈകളും കൈപ്പറ്റിയ ഒട്ടേറെ വനിതാഗ്രൂപ്പുകൾ പാട്ടക്കൃഷി ചെയ്ത വസ്തുവിന്റെ കരം അടച്ച രസീതിന്റെ പകർപ്പ് ലഭ്യമാക്കിയില്ല. തൻമൂലം എത്ര ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രോജക്റ്റിന്റെ പേര് | പാട്ടക്കൃഷി ചെയ്ത വസ്തുവിന്റെ കരം അടച്ച രസീത് ലഭ്യമാക്കാത്ത വനിതാഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|
| 1 | പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് കുറ്റിക്കുരുമുളക് തൈ വിതരണം SO300/19 | 30 |
| 2 | സമഗ്ര പച്ചക്കറിക്കൃഷി വികസനം (വനിതാഗ്രൂപ്പുകൾ)<br>SO28/19 | 91 |
| 3 | സമഗ്ര കിഴങ്ങുവർഗ്ഗക്കൃഷി വികസനം (വനിതാഗ്രൂപ്പുകൾ) | 48 |

| | | |
|---|---|---|
| | S024/18-19 | |
| 4 | സമഗ്രഫലവൃക്ഷക്കൃഷിവികസനം (വനിതാഗ്രൂപ്പുകൾ)<br>S027/18-19 | 74 |

2. മേൽസൂചിപ്പിച്ച പദ്ധതികളുടെ മേൽനോട്ടം മോണിറ്ററിംഗ് സമിതി നടത്തിയിട്ടില്ല. കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾ തൃപ്തികരമായി പാട്ടക്കൃഷി ചെയ്യുവോ എന്ന് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് 30.10.2019 ൽ 18,21 നംപരുകളിലായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നടപ്പുവർഷം മുതൽ ഈ അപാകതകൾ പരിഹരിച്ച് പദ്ധതികൾ നടപ്പാക്കുന്നതാണ് എന്ന് കൃഷി ഓഫീസർ അറിയിച്ചു. മേൽസൂചിപ്പിച്ച പദ്ധതികളുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും രേഖകൾ പൂർണ്ണമായി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-19 പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിന്മേൽ തുടർനടപടികൾ പൂർണ്ണമായില്ല

പഞ്ചായത്ത് ജനറൽ കമ്മിറ്റി പദ്ധതി നിർവ്വഹണവുമായും ആസ്തി പരിപാലനവുമായും ബന്ധപ്പെട്ട് ചുവടെ പറയുന്ന പ്രകാരം എടുത്ത തീരുമാനങ്ങളിന്മേൽ സെക്രട്ടറി സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്ന് നിർദ്ദേശിച്ച് 24.10.19 ൽ 11-ാം നംപരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. തീരുമാനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>28.6.18 ലെ 11(1) നംപർ തീരുമാനം</u>

7-ാം വാർഡിലെ 106 -ാം നംപർ അംഗൻവാടിക്ക് സമീപം 3 സെന്റ് ഭൂമി പഞ്ചായത്തിന് ഇഷ്ടദാനമായി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ അടിയന്തിരമായി ടി വസ്തു രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

2. <u>3.10.18 ലെ 6(1) നംപർ തീരുമാനം</u>

ആന്താലിമൺ നഴ്സറി സ്കൂളിന് പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു : ജില്ലാ കളക്ടർ നൽകിയ കത്ത് ചർച്ച ചെയ്തു. ഭൂമി പതിച്ച് നൽകുന്നതിനായുള്ള അപേക്ഷ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3. <u>3.10.18 ലെ 16(1) നംപർ തീരുമാനം</u>

5-ാം വാർഡിലെ കുറവൻകുഴി ഗവ.യു.പി.എസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രധാന കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് മാറ്റിയത് മൂലം ബാക്കി വന്ന് തടി ഉരുപ്പടികൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

4. <u>23.1.19 ലെ 22(1) നംപർ തീരുമാനം</u>

MPLADS ഫണ്ടിനത്തിൽ പ്രവൃത്തി ഉൾപ്പെടുത്തിയ മേച്ചിറയിൽപ്പടി - കണ്ണനാഞ്ഞലിക്കൽ പടി റോഡ് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

5. <u>27.2.19 ലെ 3(1)ല നംപർ തീരുമാനം</u>

ആർദ്രം മിഷന്റെ ഭാഗമായി 2018-19 ൽ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് NRHM നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഫണ്ടിന് പുറമെ 10 ലക്ഷം രൂപ വകയിരുത്തുന്നതിനും NRHM ആവശ്യപ്പെടുന്ന മുറയ്ക്ക് തുക കൈമാറുന്നതിനും തീരുമാനിച്ചു.

6. <u>18.5.18 ലെ 5(5) നംപർ തീരുമാനം</u>

ഗ്രാമപ്പഞ്ചായത്തിന് അനുവദിച്ച ശുചിത്വമിഷൻ ഫണ്ട് തുകയായ 12 ലക്ഷം രൂപ വിനിയോഗിച്ച് ശുചിത്വപ്രോജക്ടുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

7. <u>18.5.18 ലെ 11-ാം നംപർ തീരുമാനം</u>

12-ാം വാർഡിലെ മീനാറാംകുന്ന് 117-ാം നംപർ അംഗൻവാടിയുടെ അപകടാവസ്ഥ പരിഹരിക്കുന്നതിനും വെള്ളം കയറാത്ത രീതിയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് എടുക്കുന്നതിന് എ.ഇ -യെ ചുമതലപ്പെടുത്തി.

പഞ്ചായത്ത് ഭരണസമിതി പ്രസ്തുത തീരുമാനങ്ങളിലൂടെ സെക്രട്ടറിക്ക് നൽകിയ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പാക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-20 വീട് മെയിന്റനൻസ് (റ്റി.എസ്.പി)- ഗുണഭോക്താവ് പണി ആരംഭിച്ചില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് മെയിന്റനൻസ് (റ്റി.എസ്.പി) (S0295/19) എന്ന പദ്ധതി പ്രകാരം ശ്രീമതി.സുനിലാ പി.റ്റി, മൈല നിൽക്കുന്നതിൽ ഹൗസ്, 561, കടപ്ര എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 39/18-19/13.03.2019 പ്രകാരം 50000 രൂപ മുൻകൂർ ധനസഹായം ആയി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. എന്നാൽ നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് മെയിൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക 12% പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 സംയുക്ത പ്രോജക്ടിനു ലഭിച്ച 40 ലക്ഷം രൂപ ചെലവഴിച്ചില്ല

സംയുക്ത പ്രോജക്ട് പ്രകാരം ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടി ജില്ലാപഞ്ചായത്തിൽനിന്ന് 2016-17ൽ ലഭിച്ച 40ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ലഭിച്ച വികസനഫണ്ട് യഥാസമയം

ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. തദ്ദേശ സ്ഥാപനങ്ങളിൽ സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒരു അക്കൗണ്ട് ആരംഭിക്കണമെന്ന സർക്കാർ നിർദ്ദേശ പ്രകാരം 2017-18 വർഷം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും 16-17 ൽ ലഭിച്ച പ്രസ്തുത തുക നിലവിൽ തനതു ഫണ്ടിൽത്തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ക്രമ വിരുദ്ധമായ നടപടിയാണ്. തുക സംയുക്ത പദ്ധതിക്കായുള്ള അക്കൗണ്ടിലേയ്ക്ക് അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച തുക അതത് സാമ്പത്തികവർഷം ഫെബ്രുവരി 28നകം തുക ചെലവഴിക്കേണ്ടതും, ബാലൻസ് തുക തിരികെ നൽകേണ്ടതും, സാമ്പത്തികവർഷാവസാനം അക്കൗണ്ടിൽ തുക അവശേഷിക്കാൻ പാടില്ലാത്തതുമാണെന്ന് സർക്കാർ ഉത്തരവ് (പി)നം.07/2017തീയതി 23.01.2017പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വിഹിതം നൽകുന്ന തദ്ദേശസ്ഥാപനം, തുക ചെലവായതായി സർക്കാരിന് റിപ്പോർട്ട് നൽകുകയും എന്നാൽ തുക കൈപ്പറ്റിയ തദ്ദേശസ്ഥാപനങ്ങൾ, ലഭിച്ച തുക ചെലവഴിക്കാതെ വർഷങ്ങളോളം അക്കൌണ്ടിൽ സൂക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കുന്നതിനാണ് സർക്കാർ ഇത്തരം നിബന്ധന പുറപ്പെടുവിച്ചിരിക്കുന്നത്. ടി സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്രയും തുക അക്കൌണ്ടിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്. ഈ വിഷയം ഭരണസമിതിയുടെയും ഡിഡിപിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാൽ കൂടിയ നിരക്കിൽ വൈദ്യുത ചാർജ് ഒടുക്കേണ്ടി വരുന്നു

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2011-12 ൽ 192000 രൂപ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. മീറ്ററുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി ചമച്ച കരാർ പ്രകാരം 31.12.2014 -നുള്ളിൽ കെ.എസ്.ഇ.ബി മീറ്റർ സ്ഥാപിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ലക്ഷക്കണക്കിന് രൂപ അധികമായി വൈദ്യുതചാർജിനത്തിൽ ഒടുക്കി വരികയാണ്. നിശ്ചിത സമയപരിധിക്കുള്ളിലോ ഉഭയസമ്മതപ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലോ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ കാലതാമസം വരുത്തിയ ഓരോ മാസത്തേക്കും എസ്റ്റിമേറ്റ് തുകയുടെ 2% നിരക്കിൽ പിഴപലിശ ഈടാക്കാൻ ഗ്രാമപഞ്ചായത്തിന് അർഹതയുണ്ടെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്താത്തതിനാൽ യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അടിസ്ഥാനത്തിലല്ലാതെ വിവിധതരം ബൾബുകൾക്കുള്ള നിശ്ചിത പ്രതിമാസ താരിഫ് ഇനത്തിൽ വൈദ്യുത ചാർജ് ഈടാക്കുന്നതിനാൽ വൻതുക ഒടുക്കേണ്ടി വരുന്നു. 2018-19-ൽ 13,28,656 രൂപയാണ് ഈയിനത്തിൽ ചെലവായത്. 2012-13 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം ചൂണ്ടിക്കാട്ടിയിട്ടും ഫലപ്രദമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. കരാർ ലംഘനം ചൂണ്ടിക്കാട്ടി യഥാസമയം മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കെ.എസ്.ഇ.ബി.-യ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതായിട്ടും ഗ്രാമപഞ്ചായത്ത് ആയത് ചെയ്തിട്ടില്ല. കൂടിയ നിരക്കിൽ തുക നൽകുന്നത് ചെലവുചെയ്യുന്ന ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിത്തീരാൻ സാധ്യതയുണ്ട്. നിയമ നടപടികൾ ഉൾപ്പെടെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പൊതുടാപ്പുകളുടെ വെള്ളക്കരം- ബാധ്യത കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷം 1481684 രൂപയാണ് ചെലവ്. പഞ്ചായത്തിലെ 284 പൊതുടാപ്പുകൾക്ക് 5250 രൂപ നിരക്കിലുള്ള തുകയാണ് ഒടുക്കിവരുന്നത്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്താതെയാണ് ഈ തുക അടയ്ക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും ആയതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻമൂലം ലക്ഷക്കണക്കിന് രൂപ ഓരോ വർഷവും തനത്ഫണ്ടിൽ നിന്നും ചോർന്നുപോകുന്നു. പ്രവർത്തനക്ഷമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ ഇത്തരത്തിൽ തുക ഒടുക്കുന്നത് ചെലവ് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയായിത്തീരാനിടയുണ്ട്. ഓരോ

വാർഡിലും ആവശ്യമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഓഡിറ്റിന്റെ ശുപാർശ ചുവടെ ചേർക്കുന്നു.

1. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് ഓരോ വാർഡിലും ഉപയോഗക്ഷമമായതും ആവശ്യമുള്ളതുമായ ടാപ്പുകൾ കണ്ടെത്താൻ സർവ്വേ നടത്തുക.

2. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലനിർത്തേണ്ടതും കണക്ഷൻ റദ്ദ് ചെയ്യേണ്ടതുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയശേഷം വാട്ടർ അതോറിറ്റിയിൽ അറിയിക്കുക.

3. കണക്ഷൻ റദ്ദ് ചെയ്യുന്ന ടാപ്പുകളുടെ എണ്ണം കുറവ് ചെയ്ത് വെള്ളക്കരം പുനർ നിർണയിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുക.

## 1-24 വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഷീ-പാഡ് പദ്ധതിയ്ക്കായി വാങ്ങിയ ഇൻസിനേറ്റർ പ്രവർത്തിക്കുന്നില്ല

ഓഡിറ്റ് വർഷം ഹെഡ് മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി – പ്രോജക്ട് നമ്പർ 86/19 നടപ്പാക്കിയ ഷീ-പാഡ് പദ്ധതി പ്രകാരം വനിതാ വികസന കോർപ്പറേഷനിൽനിന്നും ഇൻസിനേറ്റർ, അലമാര, ഷീ-പാഡ് എന്നിവ പഞ്ചായത്ത് പരിധിയിലെ 7 സ്കൂളുകൾക്ക് നൽകുന്നതിനായി 285000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപിച്ചിരിക്കുന്ന ഭാഗത്ത് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ജി.യു.പി.എസ്. പുല്ലാട്, ജി.എം.യു.പി.എസ്. പുല്ലാട്, ജി.യു.പി.എസ്. കുമ്പനാട് എന്നീ 3 സ്കൂളുകളിൽ ലഭിച്ച ഇൻസിനേറ്ററുകൾ ഇതേ വരെ ഉപയോഗിച്ചിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നമ്പർ 6/19.10.2019 മേൽ പറഞ്ഞ സ്കൂളുകളിലെ ഇൻസിനേറ്ററുകൾ പ്രവർത്തിക്കുന്നില്ലെന്ന് നിർവ്വഹണഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഇൻസിനേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

തൻവർഷം പി.എച്ച്.സി, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി യഥാക്രമം കെ.എം.എസ്.സി.എൽ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ബിൽ നം/ ചെക്ക് നം., തീയതി | നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | 69/19- പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ | 1850952013500995624/ 27.12.18 | 300000 | 175934 | 124066 |
| 2 | 64/19- പാലിയേറ്റീവ് പരിചരണം | 0396423/ 19.03.2019 | 500000 | 0 | 500000 |
| 3 | 22/19- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | 18050929002000311056/ 24.11.18 | 50000 | 0 | 100000 |
| | | 1805099002000843542/ 24.11.2018 | 50000 | | |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചു

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പദ്ധതിക്കായി 2018-19, 2019-20 വർഷങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

2018-19 ലെ ചെലവ്

| ബിൽ നം. | തീയതി | തുക | |
|---|---|---|---|
| 18050952013401123911 | 28.01.2019 | 5900 | 8500 എണ്ണം നോട്ടീസ് അടിച്ചതിന്-ക്രിയേറ്റീവ് പ്രിന്റേഴ്സ് പുല്ലാട് |
| 18050952013401283126 | 28.02.2019 | 2910 | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നോട്ട്ബുക്കും പേനയും നൽകിയത്-ഫാൻസി ലേഡീസ് സെന്റർ പുല്ലാട്-1360<br>ബാങ്ക് അക്കൗണ്ട് 1000<br>സീൽ-200<br>11.12.18-ലെ അവലോകനയോഗം ഭക്ഷണം- 350 |
| 18050952013401123909 | 28.01.2019 | 27160 | ഐഡി കാർഡ്-ക്രിയേറ്റീവ് പ്രിന്റേഴ്സ് പുല്ലാട്-3400<br>യൂണിഫോം (ഓവർകോട്ട്, തൊപ്പി)-തുമ്പമൺ നേച്ചർ പ്രൊഡക്ട്- 36 *660-23760 |
| | | 35970 | |

2019-20 ലെ ചെലവ് 154/19 (സ്പിൽ ഓവർ പ്രോജക്ട്)

| ബിൽ നം. | തീയതി | തുക | |
|---|---|---|---|
| 19050952013400189869 | 05.04.2019 | 131325 | 2 മാസത്തെ വേതനമിനത്തിൽ ഹരിതകർമ്മസേനയ്ക്ക് അനുവദിച്ച തുക |

മാലിന്യം നീക്കംചെയ്യുന്നതിന് 50 രൂപ യൂസർ ഫീ ഈടാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ഈയിനത്തിൽ തുക പിരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിലും ഹരിതകർമ്മസേന പ്രവർത്തിക്കുന്നില്ല. പദ്ധതിക്കായി എം.സി.എഫ്. സ്ഥാപിച്ചിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് മതിയായ തുക വകയിരുത്തിയില്ല

പഞ്ചായത്ത് പരിധിയിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി 336720 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മതിയായ ഫണ്ട് വകയിരുത്താതിരുന്നതിനാൽ എല്ലാ പ്രവർത്തിദിനങ്ങളിലും ഭക്ഷണം നൽകാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 79/19- സൗജന്യപ്രഭാത ഭക്ഷണം |
| അടങ്കൽ | 230000 (തനത് ഫണ്ട്)<br>120000 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവഴിച്ച തുക<br><br>നിർവ്വഹണ ഉദ്യോഗസ്ഥ | 216720 (തനത് ഫണ്ട്)120000<br>(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)<br>ഹെഡ്മിസ്ട്രസ്-ജിയുഎൽപിഎസ്, പുല്ലാട് |

പഞ്ചായത്ത് പരിധിയിലെ 6 സർക്കാർ എൽ.പി/യു.പി. സ്കൂളുകളിലായി ആകെ 183 കുട്ടികളാണ് 2018-19 അധ്യയനവർഷം പഠിച്ചിരുന്നത്. 18.09.2018 മുതൽ 21.03.2019 വരെ ആഴ്ചയിൽ 2 ദിവസം (ചൊവ്വ, വ്യാഴം) മാത്രമാണ് ഭക്ഷണം വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമോദ്ധാരണ കുടുംബശ്രീ, നെല്ലിമല എന്ന സ്ഥാപനം ഒരു കുട്ടിക്ക് 1 ദിവസം 23 രൂപ നിരക്കിലാണ് ഭക്ഷണം വിതരണം ചെയ്തിരുന്നത്. എല്ലാ അധ്യയന ദിവസങ്ങളിലും ഭക്ഷണ വിതരണം നടത്താൻ കഴിയാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനായിട്ടില്ല. തുടർവർഷങ്ങളിൽ മതിയായ തുക വകയിരുത്തി എല്ലാ ദിവസവും ഭക്ഷണവിതരണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.06.2019 –15.06.2019 | കെ.എസ്.എ.പി.റ്റി.എ.പി.1/602(15)/19 തീയതി 08.07.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2018-19 | ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| 2018-19 | ബ്ലോക്ക് പഞ്ചായത്ത് | 1126776 | ലൈഫ് മിഷൻ | 1126776 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 613096 | ലൈഫ് മിഷൻ | 613096 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 2400000 | സമഗ്ര കിഴങ്ങുവർഗ്ഗ കൃഷി | 2400000 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 500000 | പാലിയേറ്റീവ് കെയർ | 500000 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 1000000 | ഗ്രൂപ്പ് ഫാമിംഗ് | 1000000 | 0 |
| 2018-19 | ജില്ലാ പഞ്ചായത്ത് | 2000000 | സുഫലം - തരിശു ഭൂമിയിൽ കിഴങ്ങുവർഗ്ഗ കൃഷി | 2000000 | 0 |

| ആകെ | 7939872 | | 7939872 | 0 |
|---|---|---|---|---|

## 4-3 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നംപർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, പത്തനംതിട്ട | 10-ാം വാർഡിൽ ശംഖുവളയൻപാറ കുടിവെള്ളപദ്ധതി(SCP) | 3 / 22.5.18 | 584000 | ഇല്ല | 584000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7165845 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തൻവർഷം ലഭിച്ച പലിശ | 550040 |
| ആകെ | 7715885 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7715885 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1. | FD 40309200110282 | 1547928 |
| 2. | FD 40309200110284 | 2881362 |
| 3. | FD 42442 | 407675 |
| 4. | FD 17518 | 2878920 |
| | ആകെ | 7715885 |

സ്ഥിരനിക്ഷേപങ്ങളുടെ വിവരം വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 2-5 | 2016-17 | തൊഴിൽനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |

# 4-9 സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96543207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71050649 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 439531 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 306928 | 150000 ശ്രീ.കെ ഹരിലാൽ, അസി.എഞ്ചിനീയർ<br>156928 ശ്രീമതി.റീനാ തോമസ് അസി.എഞ്ചിനീയർ |
| 1-16 | 132603 | ശ്രീമതി.റീനാ തോമസ് അസി.എഞ്ചിനീയർ |
| ആകെ | 439531 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.കെ ഹരിലാൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കോയിപ്രം ഗ്രാമപഞ്ചായത്ത് | ആറന്മുളേത്ത് വീട് പാറക്കര പി ഒ, പത്തനംതിട്ട |
| ശ്രീമതി.റീനാ തോമസ് അസി.എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD ഡിവിഷൻ ഓഫീസ്, പത്തനംതിട്ട | കൊയ്യാലത്തറയിൽ പെണ്ണുക്കര പി ഒ ചെങ്ങന്നൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി3-273/08, തീയതി 31-10-08/06-11-09 | എല്ലാ ഖണ്ഡികകളും |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3-68/99, തീയതി 09-02-99/06-03-99 | " |
| 1997-98(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി5/274/08, തീയതി 24-12-08/06-11-09 | 4-2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/568/99, തീയതി 29-04-00/12-05-00 | 3,5,7,16 |
| 1998-99(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി7/09-10, തീയതി 12-07-10/29-07-2011 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/826/02, തീയതി 09-06-05/17-06-05 | 9,18,19,21,28,29,30,32,37 ,38,39,45,46,47,49,50,53(1),53(2) |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി3/156/04, തീയതി 18-05-04/27-07-04 | എല്ലാ ഖണ്ഡികകളും |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3696/05, തീയതി 08-02-06/31-03-06 | " |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7/50/10, തീയതി 04-10-10/29-07-11 | 1-1 മുതൽ 1-4 വരെ |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി5/702/06, തീയതി 17-03-07/15-12-07 | 2-6 മുതൽ 2-9, 2-11,2-12, 2-18,2-19,2-24 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി7207/09, തീയതി 27-02-10/22-10-11 | 3-2,3,3-3,3-17,3-21 മുതൽ 3-26 വരെ,2.1(b),2-8,3-1,3-7,3-10,3-14 3- |

| | | |
|---|---|---|
| | | 18 3-19, 3-27, 3-29 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി7/208/09, തീയതി 15-02-09/28-10-11 | 3-1 മുതൽ 3-6,3-11,3-13,3-15 വരെ |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7/209/10, തീയതി 27-02-09/28-10-11 | 1-2,3-1, 3-4,3-6,3-7,3-9, 3-10,3-13, 3-16 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5/1097/11, തീയതി.30.12.2011/01.04.2014 | 3-4 മുതൽ 3-7 വരെ |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി5/1098/1i, തീയതി 30-12-11 | 1-1,3-1,3-2,3-13, 3-15, 3-17 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി5/1099/11, തീയതി 02-01-12 | 3-2(എ-ഡി), 3-5, 3-6, 3-7, 3-8, 3-9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി5/1100/11, തീയതി 30-12-12/03-04-14 | 2-2(1),2-2(2), 3-2, 3-6, 3-8, 3-20 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ/പി8/801/11, തീയതി 11-02-14/08-08-14 | 23 ഖണ്ഡികകൾ |
| 2012-13 | കെ.എസ്.എ.പിറ്റി.എ.പി./ പി8/276/15, തീയതി 07-08-15 | 2-2, 2-4,(2),2-4(3), 2-53-1,13,3-2,3-3 |
| 2013-14 & 2014-15 | കെ.എസ്.എ.പിറ്റി.എ.പി./ പി8/115/16, തീയതി 06-02-16 | 2-1,2-2,2-5മുതൽ 2-7 വരെ, 3-3,3-8,3-9,3-10,3-11,3-12,3-14,3-15, 3-17,3-19, 3-23 |
| 2015-16 | കെ.എസ്.എ.പിറ്റി.എ.പി./ പി8/31/17, തീയതി 31-01-17 | 1-3,2-2,2-7,3-1,3-6,3-10 3-15,3-18,3-19,3-22,3-23 |
| 2016-17 | കെ.എസ്.എ.പിറ്റി.എ.പി./ പി8/1039/17, തീയതി 11-09-17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പിറ്റി.എ.പി.3/1577/18 തീയതി 05.01.2019 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്എ.പി.റ്റി.എ.പി13-931/2019 തീയതി 02.12.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **കോയിപ്രം** ഗ്രാമ പഞ്ചായത്തിന്റെ **2018-19**വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 1-11 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

**കോയിപ്രം** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

No.KSA.PTA-P13-931/2019 Date: 02.12.2019

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Koipram Grama Panchayat** in Pathanamthitta district for the year ended on **31.03.2019** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Koipram Grama Panchayat** for the year **2018-19** except the obeservations in para 1-11 of my report, properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**